പുതുക്കി പണിയുന്ന വില്ലേജാഫീസുകൾ

3 [835] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വില്ലേജാഫീസുകൾ പുതുക്കി പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര വില്ലേജാഫീസുകളാണ് പുതുക്കിപ്പണിയാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തലശ്ശേരി താലൂക്കിലെ പാനൂർ, പന്ന്യന്നൂർ വില്ലേജാഫീസുകൾ പുതുക്കിപ്പണിയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അത്യാവശ്യമായ കേസുകളിൽ വില്ലേജ് ഓഫീസുകൾ പുതുക്കിപ്പണിയുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി)—(സി) 8-2-2005-ലെ ജി. ഒ. (ആർടി.) 764/05/ആർ.ഡി. പ്രകാരം തലശ്ശേരി താലൂക്കിലെ പാനൂർ, പന്ന്യന്നൂർ ഉൾപ്പെടെ കണ്ണൂർ ജില്ലയിലെ 10 വില്ലേജാഫീസുകളുടെ അറ്റകുറ്റപ്പണികൾക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

കാട്ടാക്കട കേന്ദ്രീകരിച്ച് പുതിയ താലൂക്ക്

4 [1343] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് കാട്ടാക്കട കേന്ദ്രീകരിച്ച്, പുതിയ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടികളുടെ ഇപ്പോഴത്തെ നില എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൻമേൽ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ്സ്. സുന്ദരേശനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. എന്നാൽ ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിതനായതിനാൽ അദ്ദേഹത്തിന് റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞില്ല. പുതിയ കമ്മീഷനെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly